കോർപ്പറേഷൻ ഇല്ല എന്നുള്ളതും പോരായ്മകളാണ്. ചില തസ്തികകളും ഒഴിഞ്ഞു കിടക്കുന്നുണ്ട്. അപൂർണ്ണമായ ഒരു സഹകാര്യ സ്ഥാപനം അതേപടി സർക്കാർ ഏറ്റെടുത്തു നടത്തുമ്പോൾ സ്വാഭാവികമായി വന്നുചേർന്ന പോരായ്മകളാണ് ഇവ.

(ബി) പരിഹാര നടപടികളും ധൃതഗതിയിൽ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. കോളേജിനു സമീപം 225 ലക്ഷം രൂപ ചെലവുള്ള ഒരു മെഡിക്കൽ കോളേജ് ആശുപത്രിയും മറ്റു സംവിധാനങ്ങളും ഉണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 250 ബെഡ്ഡുകളോടുകൂടി ഒരു ഗൈനക്കോളജി വാർഡു പണിയാൻ നടപടി എടുത്തു കഴിഞ്ഞു. കോളേജിന്റെ രണ്ടാം നില പണിയുന്നതിനും, പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ, അദ്ധ്യാപകർക്കുള്ള താമസസ്ഥലം മുതലായവ പണിയുന്നതിനും ഉത്തരവായിട്ടുണ്ട്: അദ്ധ്യാപകർക്കുള്ള 30 ഫ്ലാറ്റിന്റെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു.

(സി) ബി.യിൽ പറഞ്ഞിരിക്കുന്ന ആശുപത്രി മെഡിക്കൽ കോളേജാശുപത്രിയാണ്.

പഞ്ചായത്തു കമ്മിറ്റികളുടെയും എക്സിക്യൂട്ടീവ് ആഫീസർമാരുടെയും പേരിലുള്ള അഴിമതി ആരോപണങ്ങൾ

566 [821] ശ്രീ. ജോർജ്ജ് മാത്യു:

,, വി. ജെ. ജോസഫ്:

,, ലോനപ്പൻ നമ്പാടൻ:

,, കെ. വി. കുര്യൻ:

,, വി. ടി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

ഗുരുതരമായ അഴിമതി ആരോപണത്തിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്ത് കമ്മിറ്റികളുടെയും, എക്സിക്യൂട്ടീവ് ആഫീസർമാരുടെയും പേരിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പഞ്ചായത്ത് കമ്മിറ്റി—രണ്ട്. എക്സിക്യൂട്ടീവ് ആഫീസർമാർ—ഏഴ്

പുതിയതായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

567 [822] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1967-ലെ തിരഞ്ഞെടുപ്പിനുശേഷം പുതുതായി എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും രൂപീകരിച്ചിട്ടുണ്ട്;

(സി) 1963-ലെ തിരഞ്ഞെടുപ്പിനുശേഷം മരണപ്പെട്ട പഞ്ചായത്ത് മെമ്പർമാർ എത്ര?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 969 പഞ്ചായത്തുകളും 41 മുനിസിപ്പാലിറ്റികളും ഉണ്ട്.

(ബി) 77 പഞ്ചായത്തുകളും 17 മുനിസിപ്പാലിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(സി) 578 പഞ്ചായത്ത് മെമ്പർമാർ മരിച്ചിട്ടുണ്ട്.

പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

568 [823] ശ്രീ. കെ.സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ എത്ര പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചു;

(ബി) അവയുടെ പ്രസിഡൻറുമാരായി നോമിനേറ്റു ചെയ്യപ്പെട്ടവരുടെ പേരുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 34 പുതിയ പഞ്ചായത്തുകൾ

(ബി) പേരുവിവരം താഴെ കൊടുത്തിരിക്കുന്നു.

	പഞ്ചായത്തിന്റെ പേര്	പ്രസിഡൻറിന്റെ പേര്
1.	ഒറ്റൂർ	ശ്രീ. ജി. ചെല്ലപ്പൻപിള്ള
2.	അംപൂരി	,, പി.വി. വർഗ്ഗീസ്
3.	പാങ്ങോട്	,, പി.എ. റഹീം
4.	പനവൂർ	,, എം. മുഹമ്മദുഹനീഫ
5.	തണ്ണിത്തോട്	,, തോമസ് വർഗ്ഗീസ്
6.	നീണ്ടകര	പഞ്ചായത്ത് ഇൻസ്പെക്ടർ, ചവറ (സ്പെഷ്യൽ ആഫീസർ)
7.	നിലമേൽ	ശ്രീ. ഇ. വാവാക്കുഞ്ഞ്
8.	പട്ടാഴി വടക്കേക്കര	,, ടി. ഇസ്മായിൽ മൊയ്തീൻ റാവുത്തർ
9.	കരുണാപുരം	,, കെ.എ. തോമസ്
10.	വണ്ണപുറം	,, എ. എം. അബ്ദുൽറഷീദ ലബ്ബ
11.	ചക്കുപള്ളം	,, വി.ജി. ശ്രീധരൻവൈദ്യർ
12.	ഹെവൻവാലി	,, തോമസ് ജോർജ്ജ്
13.	ഇടുക്കികുഞ്ഞിക്കുഴി	,, ഔസേഫ് മാത്യു
14.	ചോറ്റാനിക്കര	,, എ. വർക്കി

LIBRARY ARCHIVES Kerala Legislative Assembly